**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2398** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ലോട്ടറികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽക്കാമെന്ന കോടതി വിധിയ്ക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേരളത്തിനുള്ളിലെ ലോട്ടറി നടത്തിപ്പ് റെഗുലേറ്റ് ചെയ്യുന്നതിന് സംസ്ഥാന സർക്കാർ കൊണ്ടുവന്നിരുന്ന 2018-ലെ ഭാഗ്യക്കുറി ഭേദഗതി റൂൾസ് സംസ്ഥാനത്തി ന്റെ അധികാരപരിധിയ്ക്ക് പുറത്തുള്ളതാ ണെന്നും ആയതിനാൽ നാഗാലാന്റ് ലോട്ടറി വിൽപ്പനയിലും മാർക്കറ്റിംഗിലും സംസ്ഥാന സർക്കാരിന്റെ ഇടപെടൽ വിലക്കിക്കൊണ്ടാണ് WP (C) 34025/2019 -ന്റെ 22.12.2020 ലെ ബഹു.ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധി. പ്രസ്തുത വിധിക്ക് എതിരായി ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ WA 78/2021 പ്രകാരം റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാന ലോട്ടറികളുടെ കേരളത്തിലെ പ്രവർത്തനം ഔദ്യോഗികമായി പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ രജിസ്റ്റേഡ് ഏജന്റുമാർ, ടിയാളുടെ സബ് ഏജന്റുമാർ, വിൽപ്പനക്കാർ, Retailers എന്നിവർ അന്യ സംസ്ഥാന ഭാഗ്യക്കുറി വിൽപ്പന നടത്താൻ പാടുള്ളതല്ല എന്ന വ്യവസ്ഥകൾ നിഷ്കർഷിച്ച് സ.ഉ.(എം.സ്) നം.61/2017/നി.വ തീയതി 28/07/2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാന നിയമവിധേയമല്ലാത്ത ലോട്ടറി യുടെ വിപണനവുമായി ബന്ധപ്പെട്ട് കൈക്കൊള്ളേണ്ട നിലപാടുകൾ ട്രേഡ് യൂണിയൻ പ്രതിനിധികൾ, ഏജന്റുമാർ എന്നിവരുമായി ആശയവിനിമയം നടത്തി ബോധ്യപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന GST ചട്ടങ്ങളിലെ നിബന്ധന കർശനമായി നടപ്പിലാക്കി സർക്കാരിനുള്ള അധികാരങ്ങളും, അവകാ ശങ്ങളും പ്രയോഗിച്ച് ഇതര സംസ്ഥാന നിയമവിരുദ്ധ ലോട്ടറികളെ ചെറുക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ഭാഗ്യക്കുറികൾ വിൽപ്പന നടത്തുന്നില്ല. എന്നാൽ 27/07/2017-ലെ SRO No. 470/2017 പ്രകാരമുള്ള GST ചട്ടങ്ങളിലെ നിബന്ധനകൾ അനുസരിച്ച് മാത്രമേ |

| | | | |
|---|---|---|---|
| | | | കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറികൾ വിപണനം നടത്താൻ സാധിക്കുകയുള്ളു. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമവും അനുബന്ധമായ ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ